# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2339 12-06-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ. ബി.ഡി. ദേവസ്സി

,, പി.ടി.എ. റഹീം

,, കെ.ഡി. പ്രസേനൻ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

**വികസന ക്ഷേമ പരിപാടികൾ**

| | | |
|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ നയം കൊണ്ടും മുൻസർക്കാരിന്റെ കാലത്തെ സാമ്പത്തിക അരാജകത്വം കൊണ്ടും ഭദ്രമല്ലാതായ സാമ്പത്തിക സ്ഥിതിയിലും കേരളത്തെ ദാരിദ്ര്യമില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിന് വിഭാവനം ചെയ്തിട്ടുള്ള വികസന ക്ഷേമ പരിപാടികൾ വിശദമാക്കാമോ; | സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പുവരുത്തുന്ന സമഗ്ര വികസനത്തിലൂടെ ഒരു നവകേരളം സൃഷ്ടിക്കുവാനുള്ള ഉദ്യമത്തിലാണ് സർക്കാർ വ്യാപൃതമായിരിക്കുന്നത്. ഇതിന് അനുയോജ്യമായ പദ്ധതികളാണ് നിലവിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 29,150 കോടി രൂപയുടെ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കാർഷിക മേഖല, പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തൽ, ചെറുകിട വ്യവസായം പരമ്പരാഗത വ്യവസായം മുതലായ മേഖലകൾക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. പാവങ്ങളുടെ ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും മുൻഗണന നൽകുന്ന സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാപദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ അർഹരായവർക്ക് ക്ഷേമ പെൻഷനുകൾ കൃത്യമായി നൽകുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. |
| (ബി) | സമ്പൂർണ്ണ സാമൂഹിക സുരക്ഷ എന്ന ലക്ഷ്യം നേടാനായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | സാമൂഹ്യക്ഷേമ രംഗത്തും മൂലധന ചെലവിലും പുരോഗതി കൈവരിക്കാനായി സംസ്ഥാന സർക്കാർ പല ഇടപെടലുകളും നടത്തുന്നുണ്ട്. അതിലേയ്ക്കായി ക്ഷേമ പെൻഷനുകൾ അർഹരായവർക്ക് നൽകുകയും കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗക്കാർ, ന്യൂനപക്ഷങ്ങൾ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്കുള്ള പദ്ധതികൾക്ക് അർഹമായ വിഹിതം മാറ്റി വച്ചിട്ടുണ്ട്. സമ്പൂർണ്ണ പാർപ്പിടം |

| | | |
|---|---|---|
| | | ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിയ്ക്കായി 2018-19-ൽ 2500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ, നിർമ്മാണ മേഖലകളിൽ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കും. |
| (സി) | സർവീസ് പെൻഷനോ രണ്ടേക്കറിലധികം ഭൂമിയോ ഇല്ലാത്തവരോ ആദായ നികുതി പരിധിയിൽപ്പെടാത്തവരോ ആയ 60 വയസ്സ് കഴിഞ്ഞ എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്ന പദ്ധതി പ്രകാരം എത്ര പേർക്ക് പെൻഷൻ നൽകി വരുന്നുണ്ട് ; | നിലവിൽ 4217099 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 873504 പുതിയ പെൻഷനർമാരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ അർഹതയുള്ള എത്ര പേരുണ്ടെന്നാണ് മതിപ്പുകണക്ക്; | |
| (ഇ) | വ്യാജ പെൻഷൻകാരെ കണ്ടെത്തി ഒഴിവാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ? | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച ഒരു സർവ്വേ നടത്താൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വേ നടന്നു വരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ വരുമാന പരിധിക്ക് പുറത്തുള്ളവർ ഉൾപ്പെട്ടിട്ടുണ്ടെന്നും പുനർവിവാഹം ചെയ്തവർ വിധവാ പെൻഷൻ തുടർന്നും കൈപ്പറ്റുന്നതായും പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും ബന്ധുക്കൾ പെൻഷൻ വാങ്ങുന്നു എന്നും വിവരങ്ങൾ സർക്കാരിൽ ലഭിച്ചതിനെ തുടർന്ന് അത്തരക്കാരെ ഒഴിവാക്കുന്നതിലേക്ക് 22.01.2018 തീയതിയിലെ എസ്.എഫ്.സി. ബി2/53/ 2017/ധന നമ്പർ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ